**പതിമൂന്നാം കേരളനിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2447 18.12.2012-ൽ മറുപടിയ്ക്ക്

# ചെറുകിട ക്വാറി, ക്രഷർ യൂണിറ്റുകൾക്ക് ലൈസൻസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ചെറുകിട ക്വാറി, ക്രഷർ ഉടമകൾക്ക് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് പുതിയ നിർദ്ദേശങ്ങൾ എന്തെങ്കിലും നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) സംസ്ഥാനത്തെ ചെറുകിട ധാതുക്കളുടെ ഖനനത്തിന് പുതിയ ലീസ്/പെർമിറ്റ് എന്നിവ നൽകുന്നത് 28.02.12 ലെ ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിലെയും തുടർന്നുള്ള വിധിന്യായങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും. എന്നാൽ സ്വകാര്യ ഭൂമികളിൽ ചെറുകിട ധാതുക്കളുടെ ഖനനം നടത്തുന്നതിന്, നിലവിൽ അനുമതി ഉള്ളവർക്ക് അത് പുതുക്കുന്നതിനാവശ്യമായ മറ്റ് എല്ലാ വ്യവസ്ഥകളും പാലിക്കുന്നുവെങ്കിൽ സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ വിധി വരുന്നത് വരെയോ അല്ലെങ്കിൽ പരമാവധി 1 വർഷം പെർമിറ്റ് പുതുക്കി അനുവദിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നിർദ്ദേശങ്ങൾ സംസ്ഥാനത്ത് പ്രാവർത്തികമാക്കാൻ ബുദ്ധിമുട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) എങ്കിൽ ആയത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (ബി) & (സി) . ഉണ്ട്. സുപ്രീംകോടതി ഉത്തരവിന്റെ വിവിധ വശങ്ങൾ പഠിച്ച്, സംസ്ഥാനത്ത് അവ എപ്രകാരം നടപ്പിലാക്കണമെന്നത് സംബന്ധിച്ച് ശുപാർശ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷ നായി ഒരു ഉന്നതതല സമിതിയെ നിയോഗി ച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ശുപാർശകൾ ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ